ഗർഭിണികൾക്കും കുട്ടികൾക്കും ഭക്ഷണവും ആവശ്യമായ പോഷകാഹാരങ്ങളും നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ, ജില്ലാ പട്ടികജാതി ആഫീസർ, ജോയിന്റ് രജിസ്ട്രാർ എന്നിവർ സംയുക്തമായി ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതാണ്. ഈ പദ്ധതി ആവശ്യാനുസരണം മറ്റ് അവശ്യപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

40. കേരള എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പ്പാദന യൂണിറ്റിന്റെ പേറ്റന്റുകൾ അടങ്ങിയ മരുന്നുകളുടെ ഉത്പ്പാദനത്തിനായുള്ള സഹായം.

41. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം.

42. സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം.

43. 2017-18 വർഷത്തിൽ സുവർണ്ണം സ്റ്റോർ എന്ന പദ്ധതി ആരംഭിക്കുന്നതിനായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി) വായ്പാ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും നിബന്ധനകൾക്ക് വിധേയമായി എഴുതി തള്ളാൻ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്.

(സി) വാമനപുരം മണ്ഡലത്തിലുള്ള വെഞ്ഞാറമൂട് റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ റ്റി. 299-ന് 2015-16 സാമ്പത്തിക വർഷത്തിലെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

## സഹകരണ മേഖലയിലെ കൺസ്യൂമർ സംഘങ്ങൾ

142 (5869) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ എത്ര കൺസ്യൂമർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ 189 കൺസ്യൂമർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 22 |
| കൊല്ലം | 8 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 4 |
| കോട്ടയം | 2 |
| ഇടുക്കി | 4 |
| എറണാകുളം | 17 |
| തൃശ്ശൂർ | 12 |
| പാലക്കാട് | 8 |
| മലപ്പുറം | 29 |
| കോഴിക്കോട് | 17 |
| വയനാട് | 5 |
| കണ്ണൂർ | 49 |
| കാസർഗോഡ് | 10 |
| ആകെ | 189 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വീകരിക്കുന്നുണ്ട്.

(സി) സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ (ഓഹരി, വായ്പ, സബ്സിഡി) ഉൾപ്പെടുത്തി കൺസ്യൂമർ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ധനസഹായം നൽകി വരുന്നുണ്ട്.

**സഹകരണ മേഖലയിലെ ത്രിതല സംവിധാനം**

143 (5870) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ നിലനിൽക്കുന്ന ത്രിതല സംവിധാനം മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിലെ ഹ്രസ്വകാല മദ്ധ്യകാല വായ്പ മേഖലയിലെ ത്രിതല സംവിധാനം മാറ്റുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കാനും ഇപ്രകാരം രൂപീകരിക്കുന്ന ബാങ്കിന്റെ അംഗങ്ങളായി പ്രാഥമിക വായ്പ സഹകരണ സംഘങ്ങളെയും/ അർബൻ ബാങ്കുകളും ഉൾപ്പെട്ട ദ്വിതല ഘടനയാണ് നടപ്പിലാക്കാൻ ആലോചിക്കുന്നത്.

**സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ അതിക്രമിച്ച് കയറിയ സംഭവം**

144 (5871) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലാ കള്കൂറേറ്റിൽ പ്രവർത്തിക്കുന്ന സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ 17.04.2017 ന് രാത്രി അതിക്രമിച്ച് കയറി ഫയലുകൾ നശിപ്പിക്കാനും മോഷ്ടിക്കാനും ശ്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ?